(ഡി) ആൾമാറാട്ടം നടത്തി വോട്ടു ചെയ്തവരെ കണ്ടുപിടിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിലെ 20 ലോക്സഭ മണ്ഡലങ്ങളിൽ മൊത്തം 2219 ടെൻഡേർഡ് വോട്ടുകൾ ചെയ്യപ്പെട്ടു.

(ബി) തിരിച്ചറിയൽ കാർഡോ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മറ്റു രേഖകളോ ഹാജരാക്കിയവരെ വോട്ടു ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

2002-2003-ൽ വാങ്ങിയ വൈദ്യുതിയുടെ വില

72 [889] ശ്രീ. വി. ജെ. പൗലോസ്:

" പ്രയാർ ഗോപാലകൃഷ്ണൻ:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

" കെ. അച്ചുതൻ:

" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003 വർഷത്തിൽ സംസ്ഥാന വൈദ്യുതിബോർഡ് എത്ര യൂണിറ്റ് വൈദ്യുതി വിലയ്ക്കു വാങ്ങി;

(ബി) ആരിൽ നിന്നെല്ലാമാണ് വൈദ്യുതി വിലയ്ക്ക് വാങ്ങിയത്;

(സി) ഇക്കാലത്ത് വാങ്ങിയ വൈദ്യുതിക്ക് യൂണിറ്റ് ഒന്നിന് എന്തു വില നൽകുകയുണ്ടായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബോർഡിന്റെ താൽക്കാലിക വാർഷിക കണക്ക് പ്രകാരം 2002-2003 വർഷത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് 733.80 ദശലക്ഷം യൂണിറ്റ് വൈദ്യുതി വിലയ്ക്കു വാങ്ങുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2002-2003 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി ബോർഡ് വൈദ്യുതി വിലയ്ക്കു വാങ്ങുകയുണ്ടായി.

(1) നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ.

(2) നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ.

(3) ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ.

(4) ബി. എസ്. ഇ. എസ്. (കേരള).

(5) കാസർഗോഡ് പവ്വർ കോർപ്പറേഷൻ ലിമിറ്റഡ്.

(6) പവ്വർ ട്രേഡിംഗ് കോർപ്പറേഷൻ.

(സി) ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കുപ്രകാരം 2002-2003-ൽ വിലയ്ക്കു വാങ്ങിയ വൈദ്യുതിയ്ക്ക് യൂണിറ്റ് ഒന്നിന് ശരാശരി 2 രൂപ 55 പൈസ വീതം വൈദ്യുതി ബോർഡ് വിലയായി നൽകുകയുണ്ടായി.

2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് പുനഃപരിശോധിക്കണമെന്ന ആവശ്യം

73 [890] ശ്രീ. എ. സി. ഷൺമുഖദാസ്:
" സി. കെ. നാണു:
ഡോ. എ. നീലലോഹിത ദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പാസാക്കിയ 2003-ലെ ഇലക്ട്രിസിറ്റി ആക്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സമയം നീട്ടിക്കൊടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഹാനികരമായ ഈ നിയമം പുന:പരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും പ്രവർത്തിക്കുന്നതിന് 2004 ജൂൺ 10-ന് അവസാനിക്കുന്ന കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly